പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5726 | 18.11.2019 ൽ മറുപടിയ്ക്ക്

## കോന്നി മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

ചോദ്യം
ശ്രീ.കെ.യു.ജനീഷ് കുമാർ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോന്നി നിയോജക മണ്ഡലത്തിൽ മാവേലി സ്റ്റോറുകൾ പുതുതായി എവിടെയെല്ലാം ആരംഭിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്താമോ; | (എ) യും (ബി) യും | കോന്നി നിയോജക മണ്ഡലത്തിൽ 11 പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട് (9 മാവേലി സ്റ്റോറുകളും 4 സൂപ്പർ മാർക്കറ്റുകളും 2 മാവേലി സൂപ്പർ സ്റ്റോറുകളും). ടി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന കലഞ്ഞൂർ, തണ്ണിത്തോട് എന്നിവിടങ്ങളിൽ രണ്ടാമത്തെ വിൽപ്പനശാല ആരംഭിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ കെട്ടിടം/ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നമുറയ്ക്ക് വിപണന സാധ്യതകൂടി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. തണ്ണിത്തോട് പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന തണ്ണിത്തോട് മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തിയിട്ടുണ്ട്. ഇതിനു പുറമെ കരിമാൻതോട് എന്ന സ്ഥലത്ത് വീണ്ടും ഒരു മാവേലി സ്റ്റോർ കൂടി ആരംഭിക്കുന്നതിന് ലഭ്യമായ നിവേദനത്തിന്മേൽ നടത്തിയ സാധ്യതാ പഠനത്തിൽ ഒരു പുതിയ വിൽപ്പനശാലയ്ക്കു കൂടി വിപണന സാധ്യതയില്ലാത്ത സാഹചര്യത്തിൽ ആയത് ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത മാവേലി സ്റ്റോറുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ